# Deepika

# 16 July 2018

# Thiruvankulam, Heavy Rain, Flood

## വെള്ളക്കെട്ടു മൂലം വീടിനു പുറത്തിറങ്ങാനാവാതെ ഒരു കുടുംബം

**തിരുവാങ്കുളം:** തൃപ്പൂണിത്തുറ നഗരസഭയുടെ 25ാം ഡിവിഷനായ തിരുവാങ്കുളത്ത് എൽബിഎസ് റോഡിനു സമീപം വെട്ടിക്കാട്ട് സുരേന്ദ്രന്റെ കുടുംബം ശക്തമായ മഴയിൽ ഉണ്ടായ വെള്ളക്കെട്ടു മൂലം വീടിനു വെളിയിൽ ഇറങ്ങാൻ കഴിയാതെ വിഷമത്തിലായിരിക്കയാണ്.

സമീപത്തെ പാടശേഖരം വർഷങ്ങൾക്കു മുൻപ് നികത്തിയതാണ് ഈ അവസ്ഥക്ക് കാരണം. നികത്തു ഭൂമിയിൽ വീടുകൾ നിറഞ്ഞതോടെ വെള്ളം പുറത്തേക്കു പോകുവാൻ മാർഗമില്ലാതെ വന്നിരിക്കയാണ്.

വെള്ളം കെട്ടി നിൽക്കുന്നതിനാൽ കൊതുകിന്റെ ശല്യവും ഏറെയാണ്. കുട്ടികൾ ഉൾപ്പെടെ പ്രായമായവരും ഈ വീട്ടിൽ ഉണ്ട്. പകർച്ചവ്യാധികൾ പടർന്നു പിടിക്കാനുള്ള സാധ്യതയും ഏറെയാണ്. നഗരസഭ അധികൃതർ അടിയന്തിരമായി ഇടപെട്ടു വേണ്ടത് ചെയ്യണമെന്ന് സമീപവാസികളും വീട്ടുകാരും അഭ്യർഥിച്ചു.



കനത്ത മഴയിൽ വെള്ളക്കെട്ടിലായ തിരുവാങ്കുളം വെട്ടിക്കാട്ട് സുരേന്ദ്രന്റെ വീട്.